പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട</u>
<u>ചോദ്യം നമ്പർ 250</u>

20.6.2013 ൽ
മറുപടിയ്ക്ക്

## അരിവില വർദ്ധനവ് തടയുന്നതിന് നടപടികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ചന്ദ്രൻ :<br>ശ്രീ. വി.ശിവൻകുട്ടി :<br>ശ്രീ. എം. ഹംസ :<br>പ്രൊഫ. സി. രവീന്ദ്രനാഥ് : | | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) | |
| എ) | അരിവില വൻതോതിൽ വർദ്ധിച്ചു കൊണ്ടിരിക്കുന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; വില വർദ്ധനയോടൊപ്പം അരിക്ഷാമവും ഉണ്ടാകാനിടയുണ്ടെന്ന സപ്ലൈകോയുടെ റിപ്പോർട്ടു ലഭിച്ചിട്ടുണ്ടോ ; | എ) | അരിയുടെ വിലയിൽ നേരിയ വർദ്ധനവ് വന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അരി വില വർദ്ധനയോടൊപ്പം അരിക്ഷാമവും ഉണ്ടാകാനിടയുണ്ടെന്ന് സപ്ലൈകോയിൽ നിന്ന് റിപ്പോർട്ടുകൾ ഒന്നും ലഭിച്ചിട്ടില്ല. |
| ബി) | ആന്ധ്ര ഉൾപ്പെടെയുള്ള അന്യ സംസ്ഥാനങ്ങളിൽ നിന്നും യഥാസമയം അരിയെത്തിക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ടോ ; ഇതിനിടയായ സാഹചര്യം എന്താണ് ; റെയിൽ വാഗൺ ലഭിക്കാത്ത് സംസ്ഥാനത്തേക്കുള്ള അരിവരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ ; | ബി) | ഇല്ല. എഫ്.സി.ഐ യിൽ നിന്നുള്ള വിവരമനുസരിച്ച് വാഗൺ ലഭിക്കാത്തതുമൂലമോ മറ്റെന്തെങ്കിലും കാരണം കൊണ്ടോ നിലവിൽ സംസ്ഥാനത്തേക്കുള്ള അരി വരവിൽ യാതൊരു തടസ്സങ്ങളും ഇല്ല. |
| സി) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ സപ്ലൈകോയ്ക്ക് സംഭവിച്ചിട്ടുള്ള പാളിച്ച പൊതു മാർക്കറ്റിൽ അരി വില വർദ്ധനവുണ്ടാക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ ; | സി) | കർഷകരിൽ നിന്നും നെല്ല് സംഭരിച്ച് അരിയാക്കി റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിൽ സപ്ലൈകോയ്ക്ക് പാളിച്ചകൾ ഒന്നും ഉണ്ടായിട്ടില്ല. ഈ വർഷം സംസ്ഥാനത്ത് അനുഭവപ്പെട്ട രൂക്ഷമായ വരൾച്ചയുടെ ഫലമായി നെല്ലുല്പാദന ജില്ലയായ പാലക്കാടും, ഓരുവെള്ളം കയറി കുട്ടനാട്ടിലും കോട്ടയം ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലും കൃഷി ഗണ്യമായി നശിച്ചിട്ടുള്ളതിനാൽ സപ്ലൈകോയുടെ നെല്ലു സംഭരണത്തിൽ കുറവുണ്ടായിട്ടുണ്ട്. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഫലപ്രദമായ ഇടപെടൽ നിമിത്തം സംസ്ഥാനത്ത് അരിക്ഷാമം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല വില വർദ്ധന പിടിച്ചു നിർത്തുവാനും കഴിഞ്ഞിട്ടുണ്ട്. |
| ഡി) | റേഷൻ കടകളിലൂടെ വിതരണത്തിനുള്ള അരി കരിഞ്ചന്തയിലേക്ക് ഒഴുകുന്നത് തടയാൻ കഴിയാത്തതും ഈ അവസ്ഥയ്ക്ക് കാരണമായിട്ടുള്ള കാര്യവും പരിശോധിക്കുമോ; | ഡി) | റേഷനരി കരിഞ്ചന്തയിലെത്തുന്നത് തടയുന്നതിനായി ജില്ലാ/ താലൂക്ക്/ സംസ്ഥാന തലങ്ങളിൽ വ്യാപകമായ പരിശോധനകളും റെയ്ഡുകളും നടത്തുകയും ക്രമക്കേടുകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. |
| ഇ) | സംസ്ഥാനത്ത് കൂടുതൽ അരി എത്തിച്ചും, കരിഞ്ചന്ത തടഞ്ഞും അരിക്ഷാമവും വിലവർദ്ധനയും തടയുന്നതിന് സത്വര നടപടി സ്വീകരിക്കുമോ ? | ഇ) | കൂടുതൽ അരി എത്തിച്ചും സമഗ്രമായ പരിശോധനകളും റെയ്ഡുകളും നടത്തി കരിഞ്ചന്ത തടഞ്ഞും അരിക്ഷാമവും വിലവർദ്ധനയും തടയുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

Beenau

സെക്ഷൻ ഓഫീസർ